നം.ബി 2/4500/ 2010/ഡി.എം.ഇ

**കേരള സർക്കാർ**

മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം
തിരുവനന്തപുരം
തീയതി 13-04-2010

## വിജ്ഞാപനം

2010..ലെ മെഡിക്കൽ പി.ജി. കോഴ്സിലേക്കുള്ള ഒന്നാം ഘട്ട അലോട്ട്മെന്റ് തിരുവനന്തപുരം മെഡിക്കൽ കോളേജ് ക്യാമ്പസിലുള്ള ഡയറക്ടറേറ്റ് ഓഫ് മെഡിക്കൽ ഏഡ്യൂക്കേഷനിൽ വച്ച് **2010 ഏപ്രിൽ മാസം 19 മുതൽ 24 വരെ തീയതികളിൽ** നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. വിവിധ സംവരണ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ളവരും, ജനറൽ റാങ്ക് ലിസ്റ്റിലെ അവരുടെ റാങ്ക് പ്രകാരം, അതാത് ദിവസത്തെ കൗൺസിലിംഗിൽ ഹാജരാകേണ്ടതാണ്. കൗൺസലിംഗിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന വിദ്യാർഥികൾ, **"www.dme.kerala.gov.in"** എന്ന വെബ് സൈററിൽ നിന്നും ഓപ്ഷൻ ഫാറത്തിന്റെ നിർദ്ദിഷ്ട രൂപം ഡൗൺലോഡ് ചെയ്ത് എടുക്കേണ്ടതാണ്. തങ്ങൾ തിരഞ്ഞെടുക്കുവാൻ ആഗ്രഹിക്കുന്ന വിഷയവും കോളേജും പ്രസ്തുത ഫാറത്തിൽ അലോട്ട്മെന്റ് സമയത്ത് രേഖപ്പെടുത്തി നൽകേണ്ടതാണ്.

അലോട്ട്മെന്റ് സമയത്ത് ഒഴിവുള്ള സീററിലേയ്ക്ക് ഉദ്യോഗാർത്ഥികൾക്ക് ഓപ്ഷൻ നൽകാവുന്നതാണ്. ഒന്നാം ഘട്ട അലോട്ട്മെന്റിൽ ഹാജരാകാത്ത ഉദ്യോഗാർത്ഥികളെ തുടർന്നുള്ള അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല.

പ്രവേശന പരീക്ഷയുടെ റാങ്കിന്റെ അടിസ്ഥാനത്തിലും, സീറ്റുകളുടെ ലഭ്യത അനുസരിച്ചും അഡ്മിഷൻ ലഭിക്കുന്നതാണ്. ഉദ്യോഗാർത്ഥികൾ നേരിട്ടോ, അധികാരപ്പെടുത്തിയ വ്യക്തി മുഖേനയോ ഇന്റർവ്യുവിന് ഹാജരാകാം. അധികാരപ്പെടുത്തിയ വ്യക്തി മുഖേന ഹാജരാകുന്നവർ അതിലേയ്ക്കായി പ്രോസ്പെക്ടസ്സിൽ പറഞ്ഞിട്ടുള്ള അധികാരപത്രം പൂരിപ്പിച്ച് നൽകേണ്ടതാണ്. അപേക്ഷകർ പ്രവേശന പരീക്ഷയുടെ അഡ്മിറ്റ് കാർഡും സർട്ടിഫിക്കറ്റുകളുടെ അസ്സലും ഹാജരാക്കേണ്ടതാണ്. ആൾ ഇൻഡ്യ ക്വാട്ടയിൽ ഇതിനോടകം തന്നെ അഡ്മിഷൻ ലഭിച്ച വിദ്യാർഥികൾ, അസ്സൽ സർട്ടിഫിക്കറ്റുകൾക്ക് പകരമായി, തങ്ങൾക്ക് ലഭിച്ച അഡ്മിഷന്റെ രേഖകൾ ഹാജരാക്കിയാൽ മതിയാകും.

കൗൺസലിംഗിൽ സെലക്ഷൻ നേടുന്ന വിദ്യാർഥികൾ **2010 ഏപ്രിൽ മാസം 26 - ാം തീയതി** അതാത് കോളേജുകളിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ക്ലാസ്സുകൾ 2010 മേയ് മാസം മുപ്പത്തി ഒന്നാം തീയതി ആരംഭിക്കുന്നതാണ്.

വിശദ വിവരങ്ങൾക്ക് **"www.dme.kerala.gov.in"** എന്ന വെബ് സൈററ് കാണുക.

ഇന്റർവ്യൂവിന്റെ സമയവും തീയതിയും ചുവടെ ചേർക്കുന്നു.

| തീയതി | സമയം | റാങ്ക് നമ്പർ |
|---|---|---|
| 19-04-2010 | 10 മണി മുതൽ | 001 മുതൽ 100 വരെ |
| | 02 മണി മുതൽ | 101 മുതൽ 200 വരെ |
| | | റാങ്ക് നമ്പർ – 1 (PH വിഭാഗം) |

| | | |
|---|---|---|
| 20-04-2010 | 10 മണി മുതൽ | 201 മുതൽ 325 വരെ |
| | 02 മണി മുതൽ | 326 മുതൽ 450 വരെ |
| 21-04-2010 | 10 മണി മുതൽ | 451 മുതൽ 600 വരെ |
| | 02 മണി മുതൽ | 601 മുതൽ 750 വരെ |
| | | 750 ശേഷമുള്ള SC/ST വിഭാഗത്തിലുള്ള എല്ലാപേരും. |

**<u>ഐ.എം.എസ് ക്വാട്ട</u>**

22-04-2010 10 മണി മുതൽ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസ് ഡയറക്ടർ പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാപേരും

**<u>ഹെൽത്ത് സർവ്വീസസ് ക്വാട്ട</u>**

22-04-2010 10 മണി മുതൽ ഹെൽത്ത് സർവ്വീസ് ഡയറക്ടർ പ്രസിദ്ധീകരിച്ചിട്ടുള്ള ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള താഴെ പറയുന്ന റാങ്കുകാർ

| | |
|---|---|
| എസ്.എസ്.ക്യൂ (SSQ) ക്വാട്ട | 001 മുതൽ 40 വരെ |
| ആർ.എസ്.ക്യൂ (RSQ) ക്വാട്ട | 001 മുതൽ 40 വരെ |
| ഡി.ആർ.എ.ക്യൂ (DRAQ) ക്വാട്ട | 001 മുതൽ 40 വരെ |
| ററി.ബി.ക്യൂ (TBQ) ക്വാട്ട | 001 മുതൽ 15 വരെ |
| ലെപ്രസി (LEPQ) ക്വാട്ട | 001 മുതൽ 15 വരെ |

24-04-2010 10 മണി മുതൽ ഹെൽത്ത് സർവ്വീസ് ഡയറക്ടർ പ്രസിദ്ധീകരിച്ചിട്ടുള്ള ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള താഴെ പറയുന്ന റാങ്കുകാർ

| | |
|---|---|
| എസ്.എസ്.ക്യൂ (SSQ) ക്വാട്ട | 041 മുതൽ 100 വരെ |
| ആർ.എസ്.ക്യൂ (RSQ) ക്വാട്ട | 041 മുതൽ 100 വരെ |
| ഡി.ആർ.എ.ക്യൂ (DRAQ) ക്വാട്ട | 041 മുതൽ 100 വരെ |

*ഒപ്പ്*
*ഡയറക്ടർക്കുവേണ്ടി*

പകർപ്പ് :-

1) ഡയറക്ടർ, പബ്ളിക്ക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം